**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.474** **24.01.2018 ലെ മറുപടിക്ക്**

**ചോദ്യം:**
**ശ്രീ.ഒ.രാജഗോപാൽ**

**ഉത്തരം:**
**ഡോ.ടി.എം.തോമസ് ഐസക്**
**ബഹു. ധനകാര്യവും കയറും വകുപ്പു മന്ത്രി**

**കഴിഞ്ഞ ബജറ്റിൽ ഉൾപ്പെടുത്തിയ വർക്കുകൾ**

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | കഴിഞ്ഞ ബജറ്റിൽ ഉൾപ്പെടുത്തിയ എത്ര വർക്കുകൾ പൂർണമായി പൂർത്തീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ; | കഴിഞ്ഞ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളിൽ പൊതുമരാമത്ത് (നിരത്തുകളും, പാലങ്ങളും) വിഭാഗത്തിനു കീഴിൽ 33 പ്രവൃത്തികളും, പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൻകീഴിൽ 687 പ്രവൃത്തികളും , ദേശീയപാത വിഭാഗത്തിനു കീഴിൽ 47 പ്രവൃത്തികളും, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനു കീഴിൽ 1 പ്രവൃത്തിയും, വനം വകുപ്പിനു കീഴിൽ 237 പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | നേമം നിയോജക മണ്ഡലത്തിൽ കഴിഞ്ഞ ബജറ്റിൽ ഏതൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരുന്നത് ; അതിൽ എത്ര പ്രവൃത്തികൾ ആരംഭിച്ചു ; എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചു ; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ ; | നേമം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് നിരത്തു വിഭാഗത്തിനു കീഴിൽ 5 പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരുന്നത്. വിശദാംശങ്ങൾ താഴെ കണ്ടാലും |

| ക്രമ. നം | പ്രവൃത്തിയുടെ പേര് |
|---|---|
| 1 | കിള്ളി ആറിനു കുറുകെ കല്ലടിമുഖം പാലത്തിന്റെ നിർമ്മാണം – 500 ലക്ഷം |
| 2 | കരുമം പള്ളത്തുകടവിൽ കരമന നദിക്കു കുറുകെ പാലം നിർമ്മാണം - 850 ലക്ഷം |
| 3 | ആറ്റുകാൽ പാലത്തിന്റെ വലതുഭാഗത്തുള്ള അപ്രോച്ച് റോഡ് ദീർഘിപ്പിക്കൽ - 100 ലക്ഷം |

<table>
<tr>
<td></td>
<td></td>
<td>
<table>
<tr><td>4</td><td>കരമന നദിക്കു കുറുകെ മുടവൻമുഗളിൽ പാലം നിർമ്മാണം</td></tr>
<tr><td>5</td><td>കോവളം വെള്ളാർ റോഡിൽ കി.മീ. 0/000 മുതൽ 1/000 വരെ ബി.എം.ബി.സി പ്രവൃത്തികൾ - 150 ലക്ഷം</td></tr>
</table>
ഇതിൽ 1 മുതൽ 4 വരെയുള്ള പ്രവൃത്തികൾക്ക് സ്ഥലം ഏറ്റെടുക്കൽ നടപടി നടന്നുവരുന്നതിനാൽ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. അഞ്ചാമത്തെ പ്രവൃത്തിക്ക് സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് പരിശോധിച്ചു വരികയാണ്. പൊതുമരാമത്ത് കെട്ടിട വിഭാഗത്തിനു കീഴിൽ ഹോമിയോപ്പതി ഡയറക്ടറേറ്റിനുവേണ്ടിയുള്ള കെട്ടിട നിർമ്മാണം ആരംഭിക്കുകയും, തിരുവനന്തപുരം ഹോമിയോ കോളേജിന് നഴ്സിംഗ്/ഫാർമസി കോളേജ് ആരംഭിക്കൽ, ചുറ്റുമതിൽ നിർമ്മാണം, ഹോസ്റ്റൽ നിർമ്മാണം, ഹെർബൽ ഗാർഡൻ നിർമ്മാണം, കെട്ടിടനിർമ്മാണം ഉൾപ്പെടെയുള്ള വികസന ജോലികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. കൂടാതെ ചീഫ് എഞ്ചിനീയർ (ജലസേചനവും, ഭരണവും) മുഖേന നടപ്പിലാക്കുന്ന പ്രവർത്തികളിൽ നേമം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കൈതകുളത്തിന് ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ദേശീയ പാതാ വിഭാഗത്തിന്റെ പരിധിയിൽ നേമം നിയോജകമണ്ഡലത്തിൽ കരമന കളിയിക്കാവിള നാലുവരിപ്പാത നിർമ്മാണം ഫേസ് 1 റീച്ച് 1 കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള പ്രവൃത്തി പൂർത്തീകരിച്ചു.
</td>
</tr>
<tr>
<td>(സി)</td>
<td>നേമം നിയോജക മണ്ഡലത്തിൽ നിന്നും കിഫ് ബി യിൽ ഏതൊക്കെ പ്രവൃത്തികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട് ; പ്രസ്തുത പ്രവൃത്തികളുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ?</td>
<td>കിഫ്ബി മുഖേന പ്രഖ്യാപിച്ചിട്ടുള്ള പ്രവൃത്തികളിൽ നേമം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന മണക്കാട്-ആറ്റുകാൽ ടെമ്പിൾ റോഡ്, കരമന-നെടുങ്കാട്-കാലടി റോഡ്</td>
</tr>
</table>

| | | |
|---|---|---|
| | | എന്നിവയും, കാലടി ഗവ.എച്ച്.എസ്-നെ മികവിന്റെ കേന്ദ്രമായി ഉയർത്തലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ കാലടി ഗവ.എച്ച്.എസ്-ന്റെ പ്രവർത്തനങ്ങൾക്ക് 12-10-2017 ൽ നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റു രണ്ടു പ്രവൃത്തികളും ആരംഭിച്ചിട്ടില്ല. ബന്ധപ്പെട്ട എസ് പി വി യിൽ നിന്ന് ഡി പി ആർ ലഭിച്ച് വിശദ പരിശോധന നടത്തി കിഫ്ബി അംഗീകാരം നൽകുന്നതാണ്. |

Sajeel

**സെക്ഷൻ ഓഫീസർ**